പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1292

15.06.2012 ൽ മറുപടിക്ക്

കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം

ചോദ്യം
ശ്രീമതി പി. അയിഷാ പോറ്റി

മറുപടി
ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണത്തിന് ഫണ്ട് ലഭ്യമാക്കാത്തതിനാൽ മ്യൂസിയം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമായ കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിന്റെ തുടർ നവീകരണത്തിന് എന്തെല്ലാം പദ്ധതികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | വളരെ നാളായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കൊട്ടാരക്കരത്തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം ദേവസ്വം വക കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും നവീകരണം രണ്ടു ഘട്ടങ്ങളിലായി പൂർത്തിയാക്കി മ്യൂസിയം സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടുണ്ട്. എന്നാൽ മ്യൂസിയത്തിന്റെ പ്രധാന ആകർഷണമായ ആടയാഭരണങ്ങളോടു കൂടിയ കഥകളി പ്രതിമകൾ (9 എണ്ണം) സജ്ജമാക്കി പ്രദർശിപ്പിക്കുന്നതിന് കേരള കലാമണ്ഡലത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻ തന്നെ സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ദേവസ്വം ബോർഡ് വക പ്രസ്തുത കെട്ടിടത്തിൽ തന്നെ ദേവസ്വം ബോർഡിന്റെ മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത മ്യൂസിയവും സജ്ജീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ